"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- മുനിസിപ്പൽ കോമൺ സർവ്വീസ് - സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും നിർത്തലാക്കിയ 60 ടൈപ്പിസ്റ്റ് തസ്തികകൾ ജില്ല/നഗരസഭ തിരിച്ച് മുൻഗണന ക്രമത്തിൽ ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(കൈ) നം.177/2025/LSGD തീയതി,തിരുവനന്തപുരം, 08-10-2025

---

പരാമർശം:- 1. 22.12.2022 തീയതിയിലെ സ.ഉ(കൈ)നം. 277/2022/തസ്വഭവ

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.07.2025 തിയതിയിലെ LSGD/PD/1231/2023-DEE4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1 ഉത്തരവ് പ്രകാരം സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി-കളിലും ആരോഗ്യ വിഭാഗത്തിലും, അക്കൗണ്ട്സ് വിഭാഗത്തിലും 354 അധിക തസ്തിക സൃഷ്ടിച്ചും, അപ്രധാനമായ 578 തസ്തികകൾ നിർത്തലാക്കിയും പ്രസ്തുത തസ്തികകളിലെ നിലവിലുളള ജീവനക്കാരുടെ സേവന കാലാവധി അവസാനിക്കുന്ന/ഒഴിവുകൾ നിലവിൽ വരുന്ന മുറയ്ക്ക്, ടി തസ്തികകൾ സ്വമേധയാ ഇല്ലാതാകുന്നതാണ് എന്നും ഉത്തരവായിരുന്നു. അപ്രകാരം കോർപ്പറേഷൻ/നഗരസഭകളിലെ 60 ടൈപ്പിസ്റ്റ് തസ്തികകൾ ഒഴിവാക്കുന്നതിന് ഉത്തരവായിരുന്നു.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 2 റിപ്പോർട്ട് പ്രകാരം, സംസ്ഥാനത്തെ 87 നഗരസഭകളിലും (119 ടൈപ്പിസ്റ്റ് തസ്തികകളും) 6 കോർപ്പറേഷനുകളിലുമായി (60 ടൈപ്പിസ്റ്റ് തസ്തികകളും) ആകെ 179 തസ്തികകൾ ആണ് ഉള്ളത് എന്നും പരാമർശം 1 ഉത്തരവുപ്രകാരം നാളിതുവരെ 34 തസ്തികകൾ അബോളിഷ് ആയിട്ടുണ്ട് എന്നും അറിയിക്കുകയുണ്ടായി. 87 നഗരസഭകളിൽ ഒരു ടൈപ്പിസ്റ്റ് തസ്തിക മാത്രം ഉള്ള 69 നഗരസഭകൾ ആണ് നിലവിലുള്ളത് എന്നും ടി നഗരസഭകളിൽ ഓരോ തസ്തികകൾ നില നിർത്താവുന്നതാണെന്നും ഒന്നിലധികം ടൈപ്പിസ്റ്റ് തസ്തികയുള്ള 18 നഗരസഭകളിലും ഒരു തസ്തിക വീതം നിലനിർത്തി അധികമുള്ള 32 ടൈപ്പിസ്റ്റ് തസ്തികകൾ ഒഴിവാക്കാവുന്നതാണെന്നും അറിയിക്കുകയുണ്ടായി. കൂടാതെ 6 കോർപ്പറേഷനുകളിയി 60 ടൈപ്പിസ്റ്റ് തസ്തികകൾ ഉള്ളതിൽ താരതമ്യേന തസ്തിക കുറവുള്ള കൊല്ലം, തൃശ്ശൂർ കോർപ്പറേഷനുകൾ ഒഴിവാക്കി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ കോർപറേഷനുകളിൽ നിന്നുമായി 28 തസ്തികകൾ ഒഴിവാക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി. മേൽ പ്രകാരം, 22.12.2022 തീയതിയിലെ ഉത്തരവ് പ്രകാരം അബോളിഷ് ചെയ്യേണ്ട 60 തസ്തികകൾ, 87 നഗരസഭകളിലും കൂടിയുള്ള 119 തസ്തികകളിൽ എല്ലാ നഗരസഭകളിലും ഒരു തസ്തിക മാത്രം നിലനിർത്തിക്കൊണ്ട് അധികമായുള്ള 32

തസ്തികകൾ ഒഴിവാക്കുന്നതിനും, 60 തസ്തികകൾ ഉള്ള കോർപ്പറേഷനുകളിൽ നിന്നും 28 തസ്തികകൾ ഒഴിവാക്കുന്നതിനും ശിപാർശ ചെയ്തുകൊണ്ട് പ്രസ്തുത തസ്തികകൾ മുൻഗണന ക്രമത്തിൽ ഒഴിവാക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ പ്രപ്പോസൽ ലഭ്യമാക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, നിലവിലുള്ള ജീവനക്കാരുടെ സേവനകാലാവധി അവസാനിക്കുന്ന/ഒഴിവുകൾ നിലവിൽ വരുന്ന മുറയ്ക്ക് ടി തസ്തികകൾ സ്വമേധയാ ഇല്ലാതാകുന്നതാണ് എന്ന വ്യവസ്ഥയിൽ, പരാമർശം 1 ഉത്തരവ് പ്രകാരം, ഒഴിവാക്കിയിട്ടുള്ള സംസ്ഥാനത്തെ നഗരസഭ/കോർപ്പറേഷനുകളിലെ 60 ടൈപ്പിസ്റ്റ് തസ്തികകൾ, ജില്ല/നഗരസഭ തിരിച്ച് ചുവടെ ചേർക്കുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ, ആയതിൽ പരാമർശിച്ചിട്ടുള്ള ക്രമനമ്പർ പ്രകാരം, മുൻഗണന ക്രമത്തിൽ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | നഗരസഭ/കോർപ്പറേഷന്റെ പേര് | ജില്ല | നിലവിലെ തസ്തികകളുടെ എണ്ണം | ഒഴിവാക്കേണ്ട തസ്തികകളുടെ എണ്ണം | ഒഴിവാക്കിയ ശേഷമുള്ള തസ്തികകളുടെ എണ്ണം | തസ്തിക ഒഴിവാകുന്ന മുൻഗണന ക്രമം |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | 15 | 9 | 6 | 01, 23, 37, 44, 49, 53, 56, 58, 60 |
| 2 | തിരുവല്ല | പത്തനംതിട്ട | 3 | 2 | 1 | 02, 24 |
| 3 | ആലപ്പുഴ | ആലപ്പുഴ | 4 | 3 | 1 | 03, 25, 38 |
| 4 | ചങ്ങനാശ്ശേരി | കോട്ടയം | 3 | 2 | 1 | 04, 26 |
| 5 | കോട്ടയം | കോട്ടയം | 5 | 4 | 1 | 05, 27, 39, 45 |
| 6 | പാലാ | കോട്ടയം | 2 | 1 | 1 | 06 |
| 7 | കൊച്ചി | എറണാകുളം | 14 | 8 | 6 | 07, 28, 40, 46, 50,54, 57, 59 |
| 8 | ആലുവ | എറണാകുളം | 3 | 2 | 1 | 08, 29 |
| 9 | മൂവാറ്റുപുഴ | എറണാകുളം | 2 | 1 | 1 | 09 |
| 10 | പെരുമ്പാവൂർ | എറണാകുളം | 2 | 1 | 1 | 10 |
| 11 | തൃപ്പൂണിത്തുറ | എറണാകുളം | 2 | 1 | 1 | 11 |
| 12 | ഗുരുവായൂർ | തൃശ്ശൂർ | 2 | 1 | 1 | 12 |
| 13 | ഇരിഞ്ഞാലക്കുട | തൃശ്ശൂർ | 3 | 2 | 1 | 13,30 |
| 14 | കൊടുങ്ങല്ലൂർ | തൃശ്ശൂർ | 2 | 1 | 1 | 14 |
| 15 | കുന്നംകുളം | തൃശ്ശൂർ | 2 | 1 | 1 | 15 |
| 16 | പാലക്കാട് | പാലക്കാട് | 3 | 2 | 1 | 16, 31 |
| 17 | തിരൂർ | മലപ്പുറം | 3 | 2 | 1 | 17, 32 |
| 18 | കോഴിക്കോട് | കോഴിക്കോട് | 11 | 6 | 5 | 18, 33, 41, 47, 51, 55 |
| 19 | വടകര | കോഴിക്കോട് | 2 | 1 | 1 | 19 |
| 20 | തലശ്ശേരി | കണ്ണൂർ | 4 | 3 | 1 | 20, 34, 42 |
| 21 | കണ്ണൂർ | കണ്ണൂർ | 10 | 5 | 5 | 21, 35, 43, 48, 52 |
| 22 | കാസറഗോഡ് | കാസറഗോഡ് | 3 | 2 | 1 | 22, 36 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ , തിരുവനന്തപുരം
തദ്ദേശസ്വയംഭരണവകുപ്പ് ഡയറക്ടർ(അർബൻ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 08-10-2025 11:34:49
സെക്ഷൻ ഓഫീസർ